# 3 – പ്രതികരണങ്ങൾക്ക് പിന്നിലെ രസതന്ത്രം

<u>പ്രധാന ആശയങ്ങൾ</u>

* നാഡീവ്യവസ്ഥ വഴിയുള്ള സത്വര പ്രതികരണങ്ങളോടൊപ്പം ഹോർമോൺ വ്യവസ്ഥ വഴിയുള്ള സാവധാന പ്രതികരണങ്ങളും പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിലൂടെയാണ് നമ്മുടെ ആന്തര സമസ്ഥിതി പരിപാലിക്കപ്പെടുന്നത്.
* ജീവൽ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി വിവിധ അന്തഃസ്രാവിഗ്രന്ഥികൾ ഹോർമോണുകൾ എന്ന രാസവസ്തുക്കളെ സ്രവിക്കുന്നു. ഇവ രക്തത്തിലൂടെ എല്ലാഭാഗത്തും എത്തുമെങ്കിലും ഓരോ ഹോർമോണിനെയും തിരിച്ചറിഞ്ഞ് സ്വീകരിക്കുന്ന ഗ്രാഹികൾ ഉള്ള കോശങ്ങളിൽ (ലക്ഷ്യ കലകളിൽ) മാത്രമേ പ്രവർത്തിക്കുകയുള്ളൂ.
* <u>ഉപാപചയപ്രവർത്തനങ്ങളു</u>മായിബന്ധപ്പെട്ട് തൈറോക്സിൻ, സൊമാറ്റോട്രോപിൻ, കോർട്ടിസോൾ, ഇൻസുലിൻ, ഗ്ലൂക്കഗോൺ, അഡ്രിനാലിൻ, നോർഅഡ്രിനാലിൻ എന്നീ ഹോർമോണുകളാണുള്ളത്.
* ലവണ-ജല തുലനവുമായി ബന്ധമുള്ള ഹോർമോണുകളാണ് അൽഡോസ്റ്റീറോൺ, വാസോപ്രസിൻ, കാൽസിടോണിൻ, പാരാതൊർമോൺ എന്നിവ.
* പിറ്റ്യൂറ്ററിയുടെ ഉദ്ദീപന ഹോർമോണുകളായ TSH, ACTH, GTH മുതലായവ മറ്റു ചില ഹോർമോണുകളുടെ ഉൽപാദനത്തെ സ്വാധീനിക്കുന്നു. ഹൈപോതലാമസിന്റെ <u>റിലീസിംഗ് ഹോർമോണുകളാ</u>ണ് പിറ്റ്യൂറ്ററിയെ ഇതിനായി സ്വാധീനിക്കുന്നത്.
* ഹോർമോൺ ഉൽപാദനത്തിലെ ഏറ്റക്കുറച്ചിൽ മൂലം വാമനത്വം, ഭീമാകാരത്വം, ക്രെറ്റിനിസം, മിക്സെഡിമ, അക്രോമെഗാലി, എക്സ് ഒഫ്താൽമിക് ഗോയിറ്റർ, ടെറ്റനി, ഡയബറ്റിസ് മെലിറ്റസ്, ഡയബറ്റിസ് ഇൻസിപിഡസ്, മൂത്രപഥത്തിൽ കല്ല് മുതലായ തകരാറുകൾ വരാം.
* ഷഡ്പദങ്ങളുൾപ്പെടെ പല ജന്തുക്കളും അംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനായി <u>ഫിറമോണുകൾ</u> എന്ന രാസവസ്തുക്കൾ ചുറ്റുപാടിലേക്ക് സ്രവിക്കുന്നുണ്ട്.
* സസ്യ മെരിസ്റ്റമിക കോശങ്ങളിൽ നിർമിക്കപ്പെടുന്ന ഹോർമാണുകളായ ഓക്സിനുകൾ, സൈറ്റോകിനിനുകൾ, ഗിബ്ബറിലിനുകൾ മുതലായവ വളർച്ചാ വസ്തുക്കളാണ്. അതേസമയം എഥിലീൻ, അബ്സിസിക് ആസിഡ് മുതലായവ വളർച്ചയെ തടയുന്ന സസ്യഹോർമോണുകളാണ്.
* സസ്യത്തിന്റെ കാണ്ഡവും വേരും വളഞ്ഞുവളരുന്നതിനു പിന്നിൽ ഓക്സിനുകളുടെ സ്വാധീനമുണ്ട്.
* കൃത്രിമ സസ്യഹോർമോണുകൾ പ്രയോജനപ്പെടുന്നവയാണെങ്കിലും പലതും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട രാസവസ്തുക്കളാണ്.




(ഹോർമോണുകളുടെ പട്ടിക നോക്കുക)

**1.**

| പ്രവർത്തനം | ബന്ധപ്പെട്ട ഹോർമോണുകൾ |
|---|---|
| വളർച്ച | സൊമാറ്റോട്രോപിൻ, തൈറോക്സിൻ ... |
| ജല നിയന്ത്രണം | വാസോപ്രസിൻ (ADH), അൽഡോസ്റ്റീറോൺ |
| ഗ്ലൂക്കോസ് ക്രമീകരണം | ഇൻസുലിൻ, ഗ്ലൂക്കഗോൺ |
| കാൽസ്യത്തിന്റെ അളവ് ക്രമീകരിക്കൽ | കാൽസിടോണിൻ, പാരാതൊർമോൺ |
| അസാധാരണ സാഹചര്യം തരണം ചെയ്യൽ | അഡ്രിനാലിൻ, നോർഅഡ്രിനാലിൻ |
| കൗമാരത്തിലെ ശാരീരിക മാറ്റങ്ങൾ | ടെസ്റ്റോ സ്റ്റീറോൺ(ആൺ), ഈസ്ട്രോജൻ (പെൺ) |

**2.** 'അന്തഃസ്രാവി ഗ്രന്ഥികൾ ' എന്ന് , ഹോർമോൺ ഉൽപാദകഗ്രന്ഥികൾ അറിയപ്പെടാൻ കാരണം ?
അന്തഃസ്രാവി ഗ്രന്ഥികൾ ഉൽപാദിപ്പിക്കുന്ന ഹോർമോണുകൾക്ക് ഒഴുകുന്നതിന് പ്രത്യേകം കുഴലുകളില്ല. ഹോർമോണുകൾ രക്തത്തിലേക്ക് സ്രവിക്കപ്പെടുകയാണു ചെയ്യുന്നത്.

**3.** ഓരോ ഹോർമോണിനും പ്രത്യേകമായുള്ള ലക്ഷ്യകലകളിൽ പ്രവർത്തിക്കാൻ കഴിയുന്നതെങ്ങനെ ?
ഓരോ ഹോർമോണും രക്തത്തിലൂടെ എല്ലാഭാഗത്തും എത്തുമെങ്കിലും ഓരോ ഹോർമോണിനെയും

തിരിച്ചറിഞ്ഞ് സ്വീകരിക്കുന്ന ഗ്രാഹികൾ ഉള്ള കോശങ്ങളിൽ (ലക്ഷ്യ കലകളിൽ) മാത്രം പ്രവർത്തിക്കുകയുള്ളൂ.

**4.** അന്തഃസ്രാവി ഗ്രന്ഥികളുടെ നിയന്ത്രണത്തിന് ഹൈപോതലാമസിൽ നിന്നും സ്രവിക്കപ്പെടുന്ന രണ്ടുതരം ഹോർമോണുകൾ ?
റിലീസിംഗ് ഹോർമോണുകളും ഇൻഹിബിറ്ററി ഹോർമോണുകളും.
റിലീസിംഗ് ഹോർമോണുകൾ പിറ്റ്യൂറ്ററിയുടെ മുൻദളത്തെ സ്വാധീനിച്ച് ഉദ്ദീപന ഹോർമോണുകളുൾപ്പെടെയുള്ളവയെ സ്രവിപ്പിക്കുന്നതിന് പ്രേരണ നൽകുന്നു. ഇൻഹിബിറ്ററി ഹോർമോണുകളാവട്ടെ, ചിലഗ്രന്ഥികളുടെ ഹോർമോൺ സ്രാവത്തെ തടയുന്നവയാണ്.
പിറ്റ്യൂറ്ററി ഗ്രന്ഥിയുമായി ബന്ധപ്പെട്ട ഹോർമോണുകളുടെ ചിത്രീകരണം.




Rasheed Odakkal, GVHSS Kondotty 9846626323

**5.** സ്ത്രീകളിൽ സാധാരണയായി ഉണ്ടാകുന്ന ഹോർമോണുകൾ ?
* <u>ഈസ്ട്രോജൻ</u> -(അണ്ഡാശയങ്ങൾ)- കൗമാര ശാരീരിക മാറ്റങ്ങൾ, ലൈംഗികാവയവ വളർച്ച, അണ്ഡോൽപാദനം, ആർത്തവചക്ര ക്രമീകരണം .....
* <u>പ്രൊജസ്റ്ററോൺ</u> -(അണ്ഡാശയങ്ങൾ)- ആർത്തവചക്ര ക്രമീകരണം, ഗർഭധാരണം, ഗർഭാശയ വളർച്ച, ഭ്രൂണത്തെ നിലനിർത്തൽ .....
* <u>ഓക്സിടോസിൻ</u> - (ഹൈപോതലാമസ്)-പ്രസവ പ്രക്രിയ, പാൽ ചുരത്തൽ.
* <u>പ്രോലാക്ടിൻ</u> - (പിറ്റ്യൂറ്ററി)- മുലപ്പാൽ ഉൽപാദനം.

**6.** ആന്റി ഡൈയൂറ്റിക് ഹോർമോൺ [ADH] എന്ന് വാസോപ്രസിൻ അറിയപ്പെടുന്നു. കാരണം ?
മൂത്രത്തിലൂടെയുള്ള ജലനഷ്ടം തടയുന്നതു കൊണ്ട്.

**7.** ഗർഭിണികൾക്ക് ചിലപ്പോൾ ഓക്സിടോസിൻ കുത്തിവയ്ക്കാറുണ്ട്. എന്തിനുവേണ്ടിയാവാം ഇത് ?
മിനുസപേശികളുടെ സങ്കോചം വർദ്ധിപ്പിച്ച് പ്രസവപ്രക്രിയ സുഗമമാക്കാൻ സഹായകമായതിനാൽ.

**8.** വളർച്ചയുമായി ബന്ധപ്പെട്ട പ്രധാന ഹോർമോണുകൾ ?ഇവയുടെ അഭാവം എങ്ങനെ ബാധിക്കും ?
<u>സൊമാറ്റോട്രോപിൻ</u> (വളർച്ചാ ഹോർമോൺ) , <u>തൈറോക്സിൻ</u>.
പിറ്റ്യൂറ്ററി സ്രവിക്കുന്ന സൊമാറ്റോട്രോപിന്റെ അഭാവം കുട്ടികളുടെ ശാരീരിക വളർച്ച മുരടിപ്പിക്കുന്ന വാമനത്വം സംഭവിക്കുന്നതിന് കാരണമായേക്കാം. തൈറോയ്ഡ് സ്രവിപ്പിക്കുന്ന തൈറോക്സിൻ ശൈശവദശയിൽ തന്നെ ഇല്ലാതാവുന്നത് ശാരീരികവും മാനസികവുമായ വളർച്ച മുരടിപ്പിക്കുന്ന ക്രെറ്റിനിസം എന്ന അവസ്ഥയ്ക്ക് ഇടവരുത്തും.

**9.** എന്താണ് അക്രോമെഗാലി ?
മുതിർന്നവരിൽ സൊമാറ്റോട്രോപിൻ ഉൽപാദനം വർദ്ധിക്കുന്നതു മൂലം ആന്തരാവയവങ്ങൾ അമിതമായി വളരുകയും അസ്ഥികൾക്ക് വളർച്ചയും കട്ടിയും കൂടുകയും ചെയ്യുന്ന അവസ്ഥാ വിശേഷം.

**10.** കോഴികൂവൽ, പക്ഷികളുടെയും മത്സ്യത്തിന്റെയും ദേശാടനം, ചേക്കേറൽ, ഉണരലും ഉറങ്ങലും, ശിശിരനിദ്ര തുടങ്ങിയ പ്രവർത്തനങ്ങൾ ജീവികളിൽ സമയബന്ധിതമായി നടക്കുന്നതിന് കാരണം ?
ജൈവ ഘടികാരമായ പൈനിയൽ ഗ്രന്ഥിയുടെ <u>മെലടോണിൻ</u> എന്ന ഹോർമോണിന്റെ പ്രവർത്തനം.

**11.** പ്രധാന ഉപാപചയ ഹോർമോൺ ? [ തൈറോക്സിൻ]

**12.** തൈറോക്സിൻ ഉൽപാദനത്തിന് തൈറോയ്ഡ് ഗ്രന്ഥിക്ക് ആവശ്യമായ മൂലകം ?
അയഡിൻ. (ഇതിന്റെ അഭാവം <u>ഗോയിറ്റർ</u> എന്ന തൊണ്ടമുഴയ്ക്ക് കാരണമാകുന്നു).

**13.** ഡോക്ടറുടെ നിർദ്ദേശാനുസരണം ഒരാൾ തന്റെ ഭക്ഷണത്തിൽ കൂടുതൽ ഇലക്കറികളും കടൽവിഭവങ്ങളും അയഡിൻ അടങ്ങിയ ഉപ്പും ഉൾപ്പെടുത്തുന്നു. എന്തിനുവേണ്ടിയായിരിക്കാം ഇത് ?

**14.** ഹൈപോതൈറോയിഡിസത്തിനും ഹൈപർതൈറോയിഡിസത്തിനും ഉദാഹരണം നൽകുക.
തൈറോക്സിൻ കുറയുന്ന അവസ്ഥ (ഹൈപോതൈറോയിഡിസം) കുട്ടികളിൽ ക്രെറ്റിനിസത്തിനും മുതിർന്നവരിൽ മിക്സെഡിമയ്ക്കും കാരണമാകുന്നു. തൈറോക്സിൻ കൂടുന്നത് (ഹൈപർതൈറോയിഡിസം) എക്സ് ഒഫ്താൽമിക് ഗോയിറ്ററിന് കാരണമാകും.

**15.** രക്തത്തിൽ കാൽസ്യത്തിന്റെ സാധാരണ പരിധിയെത്ര ? ഇത് എങ്ങനെ നിലനിർത്തപ്പെടുന്നു ?
10-12 mg /100 ml രക്തം.
രക്തത്തിൽ കാൽസ്യം <u>കൂടുമ്പോൾ</u> തൈറോയ്ഡ് ഗ്രന്ഥിയുടെ <u>കാൽസിടോണിൻ</u> സ്രവിക്കപ്പെടുകയും അധികമുള്ള കാൽസ്യം അസ്ഥികളിൽ സംഭരിക്കപ്പെടുകയോ മലത്തിലൂടെയും മൂത്രത്തിലൂടെയും പുറന്തള്ളപ്പെടുകയോ ചെയ്യുന്നു. കാൽസ്യം <u>കുറവാണെങ്കിൽ</u> പാരാതൈറോയ്ഡ് ഗ്രന്ഥിയുടെ <u>പാരാതൊർമോൺ</u> സ്രവിക്കപ്പെട്ട് കാൽസ്യത്തെ അസ്ഥി,കുടൽ,വൃക്ക എന്നിവിടങ്ങളിൽ നിന്നും വീണ്ടെടുക്കുന്നു.

**16.** പാരാതൊർമോണിന്റെ ഉൽപാദനം വർദ്ധിക്കുന്നത് അസ്ഥികളുടെ ബലം കുറയുന്നതിനു കാരണമാ

കും. എങ്ങനെ ?

**17.** രക്തത്തിലെ സാധാരണ ഗ്ലൂക്കോസിന്റെ അളവെത്ര ? ഇത് ക്രമീകരിക്കപ്പെടുന്നതെങ്ങനെ ?

70-110 mg /100 ml രക്തം.

രക്ത ഗ്ലൂക്കോസ് <u>കൂടുമ്പോൾ</u> പാൻക്രിയാസിലെ ഐലറ്റ്സ് ഓഫ് ലാംഗർഹാൻസിന്റെ ബീറ്റാ കോശങ്ങൾ <u>ഇൻസുലിൻ</u> സ്രവിപ്പിക്കുന്നു. അപ്പോൾ ഗ്ലൂക്കോസ് കോശങ്ങളിലേക്ക് പോകുന്നത് വർദ്ധിക്കുകയും അധികമുള്ള ഗ്ലൂക്കോസ് ഗ്ലൈക്കോജനായോ കൊഴുപ്പായോ മാംസ്യമായോ മാറ്റപ്പെടുകയും ചെയ്യുന്നു. രക്തത്തിൽ ഗ്ലൂക്കോസ് <u>കുറവാണെങ്കിൽ</u> ഐലറ്റ്സ് ഓഫ് ലാംഗർഹാൻസിന്റെ ആൽഫാ കോശങ്ങൾ <u>ഗ്ലൂക്കഗോൺ</u> ഉൽപാദിപ്പിച്ച് ഗ്ലൈക്കോജനെയും അമിനോആസിഡുകളെയും ഗ്ലൂക്കോസാക്കി മാറ്റുന്നു.

**18.** ഒരു കുട്ടി ബെനഡിക്റ്റ്സ് റിയേജന്റ് മൂത്രത്തിൽ ചേർത്ത് ചൂടാക്കി ശാസ്ത്രീയമായ രീതിയിൽ പരീക്ഷണം നടത്തിയപ്പോൾ ലായനി ഓറഞ്ചു കലർന്ന ചുവപ്പു നിറത്തിൽ കാണപ്പെട്ടു. ഇതിൽ നിന്നും എന്ത് നിഗമനത്തിലാണ് എത്താൻ കഴിയുക ?

**19.** കോർട്ടിസോൾ, തൈറോക്സിൻ, ഇൻസുലിൻ, ഗ്ലൂക്കഗോൺ, അഡ്രിനാലിൻ എന്നീ ഹോർമോണുകളിൽ ഒരെണ്ണമൊഴികെയുള്ളവയെല്ലാം തന്നെ രക്തത്തിൽ ഗ്ലൂക്കോസ് വർദ്ധിപ്പിക്കുന്നവയാണ്. ഗ്ലൂക്കോസ് കുറയ്ക്കുന്ന ഹോർമോൺ ഏതാണ് ?

**20.** ആസ്ത്മ പോലെയുള്ള അലർജി രോഗങ്ങൾക്കും സന്ധിവീക്കം പോലെയുള്ള നീരുകെട്ടൽ പ്രശ്നത്തിനും ഔഷധമായ ഹോർമോൺ ? ഈ ഹോർമോൺ ഇതേ രോഗമുള്ള പ്രമേഹരോഗിക്ക് നൽകാമോ ?

അഡ്രീനൽ ഗ്രന്ഥിയുടെ <u>കോർട്ടിസോൾ</u>. രക്തത്തിൽ ഗ്ലൂക്കോസ് വർദ്ധിപ്പിക്കുന്നതുകൊണ്ട് ഈ ഹോർമോൺ പ്രമേഹരോഗിക്ക് നൽകാറില്ല.

**21.** ലവണ-ജല സന്തുലനം പാലിക്കാൻ സഹായകമായ ഹോർമോൺ ?

അഡ്രീനൽ ഗ്രന്ഥിയുടെ അൽഡോസ്റ്റീറോൺ.

**22.** അഡ്രിനാലിൻ, 'അടിയന്തിര ഹോർമോൺ' എന്നറിയപ്പെടുന്നു. എന്തുകൊണ്ട് ?

ദ്വേഷ്യം, ഭയം, ജിജ്ഞാസ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളുണ്ടാകുമ്പോൾ അതിനെ തരണം ചെയ്യാൻ ശരീരത്തെ സജ്ജമാക്കുന്നത് അഡ്രിനൽ ഗ്രന്ഥിയുടെ അഡ്രിനാലിൻ ആണ്.

**23.** അടിയന്തിര സാഹചര്യം നേരിടാൻ അഡ്രിനാലിനും നോർഅഡ്രിനാലിനും ശരീരത്തെ സജ്ജമാക്കുന്നതെങ്ങനെ ?

സിംപതറ്റിക് നാഡികളുടെ പ്രവർത്തനം അഡ്രിനാലിനും നോർഅഡ്രിനാലിനും ഏറ്റെടുക്കുകയും ഹൃദയസ്പന്ദനവും രക്തസമ്മർദ്ദവും വർദ്ധിച്ച് കൂടുതൽ രകതം കൈകാലുകളിലേക്ക് ഒഴുകുകയും ചെയ്യുന്നു. അങ്ങനെ രക്തത്തിൽ ഗ്ലൂക്കോസ് വർദ്ധിച്ച് ഏത് സാഹചര്യവും നേരിടാനുള്ള ശക്തി ലഭിക്കുന്നു.

**24.** അഡ്രിനൽ കോർട്ടക്സ് : കോർട്ടിസോൾ; -----?----- : അഡ്രിനാലിൻ.

**25.** ക്രെറ്റിനിസം : ഹൈപോതൈറോയ്ഡിസം ; -----?---- : ഹൈപർതൈറോയ്ഡിസം.

**26.** ഹോർമോൺ ഏറ്റക്കുറച്ചിൽ മൂലം ഉണ്ടാകുന്ന ചില തകരാറുകൾ.

| | |
|---|---|
| ഗോയ്റ്റർ | അയഡിൻ വേണ്ടത്ര ലഭിക്കാതെ വരുമ്പോൾ തൈറോയ്ഡിനുണ്ടാകുന്ന വീക്കം |
| എക്സ് ഒഫ്താൽമിക് ഗോയ്റ്റർ | തൈറോക്സിൻ കൂടുന്നത് (ഹൈപർതൈറോയിഡിസം)മൂലം ഊർജോൽപാദനം, ഭക്ഷണത്തോട് ആർത്തി എന്നിവ കൂടി കൈകൾക്ക് വിറയൽ, മാനസികാസ്വാസ്ഥ്യം, കണ്ണുകൾ തള്ളൽ എന്നിവയുണ്ടാകുന്ന അവസ്ഥ. |
| ക്രെറ്റിനിസം | ശൈശവദശയിൽ തൈറോക്സിൻ കുറയുന്ന അവസ്ഥ (ഹൈപോതൈറോ യിഡിസം) മൂലം കുട്ടിയുടെ ശാരീരികവും മാനസികവുമായവളർച്ച മുരടിക്കുന്നത്. |
| മിക്സെഡിമ | മുതിർന്നവരിൽ തൈറോക്സിൻ കുറവ് (ഹൈപോതൈറോയിഡിസം) മൂലമുണ്ടാകുന്ന നീരുകെട്ടി വീർത്ത ശരീരവും മുഖവും. |
| വാമനത്വം | സൊമാറ്റോട്രോപിന്റെ അഭാവം മൂലം കുട്ടികളുടെ ശാരീരിക വളർച്ച മുരടിക്കുന്നത്. |
| ഭീമാകാരത്വം | സൊമാറ്റോട്രോപിൻ ഉൽപാദനം കൂടുന്നതു മൂലം പൊക്കവും ഭാരവും കൂടുന്നത്. |
| അക്രോമെഗാലി | മുതിർന്നവരിൽ സൊമാറ്റോട്രോപിൻ ഉൽപാദനം വർദ്ധിക്കുന്നതു കൊണ്ട് ആന്തരാവയവങ്ങളും മറ്റും അമിതമായി വളരുകയും അസ്ഥികൾക്ക് വളർച്ചയും കട്ടിയും കൂടുകയും ചെയ്യുന്ന അവസ്ഥാ വിശേഷം. |
| ഡയബറ്റിസ് മെലിറ്റസ് | ഇൻസുലിൻ ഇല്ലാതാവുകയോ പ്രവർത്തനക്ഷമമല്ലാതിരിക്കുകയോ ചെയ്യുമ്പോൾ രക്തത്തിൽ ഗ്ലൂക്കോസ് വർദ്ധിച്ച് മൂത്രത്തിലൂടെ നഷ്ടപ്പെടുന്ന അവസ്ഥ (പ്രമേഹം). |
| ഡയബറ്റിസ് ഇൻസിപിഡസ് | വാസോപ്രസിൻ(ADH) കുറയുമ്പോൾ മൂത്രത്തിലൂടെ ധാരാളം ജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥ. |
| ടെറ്റനി | പാരാതൊർമോണിന്റെ അഭാവത്താൽ കാൽസ്യം കുറഞ്ഞ് പേശികൾക്ക് വലിവ് അനുഭവപ്പെടുന്ന ലക്ഷണത്തോടുകൂടിയ അവസ്ഥ. |

**27.** വ്യത്യാസം കണ്ടെത്തി പഠിക്കുക, a)- ഡയബറ്റിസ് മെലിറ്റസ് - ഡയബറ്റിസ് ഇൻസിപിഡസ്

b)- വാമനത്വം - ക്രെറ്റിനിസം c)- ഗോയിറ്റർ - എക്സ് ഒഫ്താൽമിക് ഗോയിറ്റർ

**28.** താഴെ പറയുന്നവയുമായി ബന്ധപ്പെട്ട ഹോർമാൺ തകരാറ് ഏതെന്ന് കണ്ടെത്തുക.
a)- ഇൻസുലിൻ കുത്തിവയ്പ്പ്, ആഹാര നിയന്ത്രണം. b)- തൈറോക്സിൻ ഉപയോഗിച്ചുള്ള ചികിത്സ.
c)-കാൽസ്യം അടങ്ങിയ ഗുളികയും ഭക്ഷണവും d)-കടൽവിഭവങ്ങളും ഇലക്കറികളും അയഡിനുള്ള ഉപ്പും.

**29.** നമ്മുടെ ആന്തര സമസ്ഥിതി പാലിക്കപ്പെടുന്നതെങ്ങനെ ?
നാഡീവ്യവസ്ഥ വഴിയുള്ള സത്വര പ്രതികരണങ്ങളോടൊപ്പം ഹോർമോൺ വ്യവസ്ഥ വഴിയുള്ള സാവധാന പ്രതികരണങ്ങളും പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിലൂടെയാണ് നമ്മുടെ ആന്തര സമസ്ഥിതി പരിപാലിക്കപ്പെടുന്നത്.

**30.** എന്താണ് <u>ഫിറമോണുകൾ</u> ? ഇവയുടെ ഉപയോഗം ?
ഷഡ്പദങ്ങളുൾപ്പെടെ പല ജന്തുക്കളും അംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനും മറ്റുമായി ചുറ്റുപാടിലേക്ക് സ്രവിക്കുന്ന രാസവസ്തുക്കളാണ് ഫിറമോണുകൾ. സാന്നിധ്യം അറിയിക്കാനും വാസസ്ഥലം അതിരിടാനും ആപത്സൂചന നൽകാനും ഇണയെ ആകർഷിക്കാനും ഇവ സഹായകമാകുന്നു.
ഉദാഹരണം :- വെരുകിന്റെ സിവെറ്റോൺ, കസ്തൂരി മാനിന്റെ കസ്റ്റൂരി (muscone), പട്ടുനൂൽ ശലഭത്തിന്റെ ബോംബിക്കോൾ.

**31.** വെരുക് : സിവെറ്റോൺ ; -------- ?------ : ബോംബിക്കോൾ.

**32.** ചില സസ്യഹോർമോണുകളെ വളർച്ചാ വസ്തുക്കൾ എന്നു വിളിക്കാൻ കാരണം ?
സസ്യ മെരിസ്റ്റമിക കോശങ്ങളിൽ നിർമിക്കപ്പെടുന്ന ഹോർമാണുകളായ ഓക്സിനുകൾ, സൈറ്റോകിനിനുകൾ, ഗിബ്ബറിലിനുകൾ മുതലായവ വളർച്ചാ വസ്തുക്കളാണ്. കാണം ഇവ കോശവിഭജനം, കോശ ദീർഘീകരണം, കോശ വൈവിധ്യവൽക്കരണം എന്നിവയിലൂടെ വളർച്ച സാധ്യമാക്കുന്നു. അതേസമയം എഥിലീൻ, അബ്സിസിക് ആസിഡ് മുതലായവ വളർച്ചയെ തടയുന്ന സസ്യഹോർമോണുകളാണ്.

**33.** തന്നിരിക്കുന്ന പ്രസ്താവനകളുമായി ബന്ധപ്പെട്ട സസ്യഹോർമോൺ ഏതെന്ന് കണ്ടെത്തി എഴുതുക.
a) – ഇതളുകൾ വിരിയുന്നു. b) – ഫലം പാകമാകുന്നു. c) – ഇലകളും ഫലങ്ങളും കൊഴിയുന്നു.
c) – കിഴങ്ങിലെ മുകുള വളർച്ച തടയുന്നു d) – കാണ്ഡം പ്രകാശദിശയിലേക്ക് വളരുന്നു.

**34.** കൃത്രിമ സസ്യഹോർമോണുകളും ഉപയോഗവും

| | |
|---|---|
| NAA (Naphthalene Acetic Acid) | തണ്ടിൽ വേര് മുളയ്പ്പിക്കാനും ഫലങ്ങളുണ്ടാക്കാനും |
| IBA (Indole Butyric Acid) | ഉരുളക്കിങ്ങിൽ മുകുളം വളരാതിരിക്കാനും കായ് പൊഴിയുന്നത് തടയാനും |
| 2,4-D | കളകളെ നശിപ്പിക്കാൻ |
| എഥിലിൻ | പുഷ്പിക്കാനും ഫലങ്ങൾ പാകമാക്കാനും |
| എഥിഫോൺ | റബർപാൽ ഉൽപാദനം കൂട്ടുന്നതിന്. |

**35.** എഥിലിൻ : ഫലം പാകമാക്കൽ ; എഥിഫോൺ : ------------?

**36.** സസ്യഹോർമോണുകൾ ഉപയോഗിക്കുന്ന സന്ദർഭത്തിന് ചില ഉദാഹരണങ്ങൾ നൽകുക.

**37.** ഒരു സസ്യത്തിൽ അബ്സിസിക്കാസിഡിന്റെ ഉൽപാദനം നിലയ്ക്കുന്നത് അതിനെ എങ്ങനെ ബാധിക്കും?

**38.** വാഴക്കുല പുകകൊള്ളിച്ചാൽ വേഗം പഴുക്കാനിടവരുന്നു. കാരണം ?
പുകയിൽ ഫലം പഴുപ്പിക്കുന്ന എഥിലിൻ വാതകം ഉണ്ട്.

**39.** കാണ്ഡത്തിലും വേരിലും ഓക്സിനുകളുടെ പ്രവർത്തനം ഒരുപോലെയാണോ ?
ഓക്സിനുകൾ കാണ്ഡവളർച്ച ത്വരിതപ്പെടുത്തുമ്പോൾ വേരിന്റെ വളർച്ച കുറയ്ക്കാനാണ് ശ്രമിക്കുന്നത്.

**40.** സസ്യങ്ങളുടെ കാണ്ഡ ഭാഗം സൂര്യപ്രകാശത്തിനു നേർക്ക് വളഞ്ഞു വളരുന്നതിന് കാരണം ?
സസ്യത്തിന്റെ കാണ്ഡവും വേരും വളഞ്ഞുവളരുന്നതിനു പിന്നിൽ ഓക്സിനുകളുടെ സ്വാധീനമുണ്ട്.
(അനുബന്ധമായി നൽകിയ പട്ടിക നോക്കുമല്ലോ )

**41.** ചിത്രത്തിൽ സസ്യ കാണ്ഡമേത് ? വേര് ഏത് ? എന്തുകൊണ്ട് ?




A- കാണ്ഡം B- വേര് കാണ്ഡം പ്രകാശദിശയ്ക്കനുകൂലമായും വേര് എതിരായും വളഞ്ഞ് വളരുന്നു
ഓക്സിനുകൾ കാണ്ഡവളർച്ച ത്വരിതപ്പെടുത്തുമ്പോൾ വേരിന്റെ വളർച്ച കുറയ്ക്കാനാണ് ശ്രമിക്കുന്നത്.

# 3. പ്രതികരണങ്ങൾക്കു പിന്നിലെ രസതന്ത്രം

| ഗ്രന്ഥി | ഹോർമോൺ | ലക്ഷ്യകല | പ്രവർത്തനം | തകരാറ് |
|---|---|---|---|---|
| ഹൈപോതലാമസ് | 1.ഓക്സിടോസിൻ<br>2.വാസോപ്രസിൻ / ADH | മിനുസപേശികൾ,<br>വൃക്കകൾ. | - പ്രസവം സുഗമമാക്കൽ, പാൽ ചുരത്തൽ.<br>- മൂത്രത്തിലൂടെയുള്ള ജലനഷ്ടം നിയന്ത്രിക്കൽ | -----<br>- ഡയബറ്റിസ് ഇൻസിപിഡസ് |
| പിറ്റ്യൂറ്ററി | 1. TSH<br>2. ACTH<br>3. GTH<br>4. സൊമാറ്റോട്രോപിൻ (വളർച്ചാ ഹോർമോൺ)<br>5. പ്രോലാക്റ്റിൻ | -തൈറോയിഡ്<br>-അഡ്രീനൽ കോർട്ടക്സ്<br>-ലൈംഗികാവയവങ്ങൾ<br>-എല്ലാ ശരീരകലകളും<br>-സ്തനങ്ങൾ | -തൈറോയിഡിന്റെ ഹോർമോൺ ഉൽപാദനത്തെ സ്വാധീനിക്കുന്നു.<br>-അഡ്രീനൽ കോർട്ടക്സിന്റെ ഹോർ. ഉൽപാദനത്തെ സ്വാധീനിക്കുന്നു.<br>-ലൈംഗികാവയവങ്ങളുടെ ഹോർ. ഉൽപാദനത്തെ സ്വാധീനിക്കുന്നു.<br>- ശരീര വളർച്ച സാധ്യമാക്കുന്നു.<br>- മുലപ്പാൽ ഉൽപാദിപ്പിക്കൽ. | ------<br>------<br>------<br>-വാമനത്വം, - ഭീമാകാരത്വം, - അക്രോമെഗാലി.<br>----- |
| പൈനിയൽ | മെലടോണിൻ | ---- | -ദൈനംദിനവും ഋതുബന്ധിതവുമായ ജീവധർമങ്ങളുടെ താളം ക്രമപ്പെടുത്തൽ | ----- |
| തൈറോയ്ഡ് | 1. തൈറോക്സിൻ<br>2. കാൽസിടോണിൻ | -മിക്ക ശരീരകലകളും<br>-വൃക്ക,അസ്ഥി,കുടൽ | -ഉപാപചയവും വളർച്ചയും (പോഷകഘടകങ്ങളുടെ വിഘടനം, ഊർജോൽപാദനം, ശരീര വളർച്ച, മസ്തിഷ്ക്ക വളർച്ച, ഹൃദയസ്പന്ദനം ...)<br>-രക്തത്തിൽ കാൽസ്യം അളവ് കൂടിയാൽ ക്രമീകരിക്കുന്നു. | -ക്രെറ്റിനിസം, -മിക്സെഡിമ, -എക്സ് ഒഫ്താൽമിക് ഗോയിറ്റർ.<br>------ |
| പാരാതൈറോയിഡ് | പാരാതൊർമോൺ | -വൃക്ക,അസ്ഥി,കുടൽ | -രക്തത്തിൽ കാൽസ്യം കുറഞ്ഞാൽ പുനസ്ഥാപിക്കുന്നു. | -ടെറ്റനി, - മൂത്രപഥത്തിൽ കല്ല്. |
| അഡ്രീനൽ | 1. കോർട്ടിസോൾ<br>2.അൽഡോസ്റ്റിറോൺ<br>3.ലൈംഗിക ഹോർമോൺ<br>4.അഡ്രിനാലിൻ<br>5.നോർഅഡ്രിനാലിൻ | -കൊഴുപ്പുകലകൾ<br>----<br>-മിക്ക ശരീരകലകളും<br>-മിക്ക ശരീരകലകളും<br>-മിക്ക ശരീരകലകളും | -മാംസ്യത്തിന്റെയും കൊഴുപ്പിന്റെയും വിഘടനം, ഗ്ലൂക്കോസ് ഉൽപാദനം, ഗ്ലൈക്കോജൻ സംഭരണം...<br>-ലവണ-ജല സംതുലനം പാലിക്കൽ (മൂത്രം,വിയർപ്പ് വഴി.)<br>-----<br>-ദേഷ്യം, ഭയം, ആഹ്ളാദം, ജിജ്ഞാസ തുടങ്ങിയവയുടെ സാധാരണവും അടിയന്തിരവുമായ സാഹചര്യത്തെ നേരിടാൻ ശരീരത്തെ സജ്ജമാക്കൽ. | -----<br>-----<br>-----<br>-----<br>----- |
| പാൻക്രിയാസ് | 1. ഇൻസുലിൻ<br>2. ഗ്ലൂക്കഗോൺ | -നാഡീകല ഒഴികെ<br>-കരള്,പേശി,കൊഴുപ്പ് | -രക്തത്തിൽ ഗ്ലൂക്കോസ് അധികമാവാതെ ക്രമീകരിക്കൽ.<br>-രക്തത്തിൽ ഗ്ലൂക്കോസ് കുറയാതെ ക്രമീകരിക്കൽ. | - ഡയബറ്റിസ് മെലിറ്റസ് (പ്രമേഹം)<br>----- |
| വൃഷണങ്ങൾ<br>അണ്ഡാശയങ്ങൾ | - ടെസ്റ്റോസ്റ്റിറോൺ<br>1. ഈസ്ട്രോജൻ<br>2. പ്രൊജസ്റ്ററോൺ | -മിക്ക ശരീരകലകളും<br>-മിക്ക ശരീരകലകളും<br>-അണ്ഡാശയങ്ങൾ, ഗർഭാശയം. | -കൗമാരത്തിലെ ശാരീരിക മാറ്റങ്ങൾ, ലൈംഗികാവയവങ്ങളുടെ വളർച്ച, ബീജോൽപാദനം(പുംബീജം / അണ്ഡം).<br>- ആർത്തവചക്ര ക്രമീകരണം, ഗർഭധാരണം, ഭ്രൂണത്തെ നിലനിർത്തൽ, ഗർഭാശയ വളർച്ച. ... | -----<br>-----<br>----- |

Rasheed Odakkal, GVHSS Kondotty, 9846626323

<u>സസ്യ ഹോർമോണുകൾ, ധർമം.</u>

A. <u>ഓക്സിനുകൾ</u> - കാണ്ഡ ദീർഘീകരണം, അഗ്രമുകുളത്തിന്റെയും പാർശ്വ വേരുകളുടെയും വളർച്ച, ബീജശീർഷത്തിന്റെയും ബീജമൂലത്തിന്റെയും വളർച്ച, പെൺപൂക്കളുടെ ഉൽപാദനം എന്നിവ. (വേരിന്റെ ദീർഘീകരണം തടയുന്നു).

B. <u>സൈറ്റോകൈനിനുകൾ</u> - കോശവളർച്ച, കോശവിഭജനം, വിത്ത് മുളയ്പിക്കൽ.

C. <u>ഗിബ്ബറിലിനുകൾ</u> - കാണ്ഡ ദീർഘീകരണം, കോശവളർച്ച, കോശവിഭജനം, വിത്ത് മുളയ്പിക്കൽ, ഇലകൾ വിരിയൽ.

D. <u>എഥിലിൻ</u> - കോശവിഭജനം തടയൽ, ഇലകളും ഫലങ്ങളും മൂപ്പെത്തിക്കലും പഴുക്കലും.

E. <u>അബ്സിസിക്കാസിഡ്</u> - കോശവിഭജനവും വളർച്ചയും തടയൽ, ഇലകളും ഫലങ്ങളും കൊഴിക്കൽ, വിത്തിന്റെയും മുകുളങ്ങളുടെയും സുപ്താവസ്ഥ.